# പതിമൂന്നാം കേരള നിയമസഭ

## (ഒൻപതാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6131** **09/07/13-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.ബേബി<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീമതി.കെ.എസ്.സലീഖ<br>ഡോ.കെ.ടി.ജലീൽ | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾ ഉള്ളതായി സർക്കാരിനറിയാമോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കാനുള്ള പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കാൻ തയ്യാറാകുമോ; | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ പദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതി, ഹഡ്കോയിൽ നിന്നും ഉള്ള ലോൺ ഉപയോഗിച്ച് വീടുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ, അറ്റകുറ്റപ്പണികൾ നടത്തി വാസയോഗ്യ മാക്കുന്നതിനുള്ള പദ്ധതികൾ എന്നിവ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. ടി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. |
| (സി) ഭൂരഹിതരും, ഭവനരഹിതരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ എത്രയുണ്ട്; ഇവർക്ക് വീട് ലഭ്യമാക്കാനുള്ള പദ്ധതികൾ ഏതൊക്കെയാണ്; സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും എന്നത്തേയ്ക്ക് വീടുകൾ ലഭ്യമാക്കാൻ സാദ്ധ്യമാകും; | ഭവന രഹിതരായ 7500 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകുന്നതിന്റെ ഭാഗമായി ഹഡ്കോയുടെ ധന സഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി 167 കോടി രൂപയുടെ പ്രത്യേക ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ 2013-2014-ൽ 800 ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ നിരക്കിൽ 12 കോടി രൂപയുടെ ദേശീയ |

മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ പദ്ധതി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്നതാണ്. മാതൃകാ മത്സ്യഗ്രാമം പദ്ധതി പ്രകാരം 4973 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിനായി 110 കോടി രൂപ 13-ാം ധനകാര്യ കമ്മീഷനിൽ വകയിരുത്തി യിട്ടുണ്ട്.

(ഡി) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ പദ്ധതി പ്രകാരമുള്ള ഗ്രാന്റ് തുക രണ്ടു ലക്ഷമായി വർദ്ധിപ്പിച്ചതിനുശേഷം ഗുണഭോക്താക്കളുടെ എണ്ണത്തിനനുസൃതമായി മൊത്തം ഗ്രാന്റ് വർദ്ധിപ്പിച്ച് കിട്ടിയിട്ടുണ്ടോ; വിശദമാക്കാമോ?

: ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള ധനസഹായത്തോടെ (50% കേന്ദ്രാവിഷ്കൃത പദ്ധതി) യാണ് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ ഒരു വീടിന് 50,000/- രൂപയാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ഇതിന്റെ 50% (25000/- രൂപ) ആണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. എന്നാൽ 2012-13 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ഗവൺമെന്റ് ഭവന നിർമ്മാണ ഗ്രാന്റ് 2 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ഇത് 100% സബ്സിഡിയായും നൽകുന്നു. 2012-2013-ൽ 800 വീടുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര വിഹിതമായി 2 കോടി രൂപ ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ